**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3096** **25-06-2024 - ൽ മറുപടിയ്ക്ക്**

**ക്ലരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ-ഹാച്ചറിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കീരമ്പാറ പഞ്ചായത്തിലെ ക്ലരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ-ഹാച്ചറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ കീരമ്പാറ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ (ക്ലരികുളം മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറി) നബാർഡിന്റെ RIDF -Tranche XXV പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ എസ്റ്റിമേറ്റ് അനുസരിച്ച് നടത്തേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുവരെ 24 നേഴ്സറി കുളങ്ങൾ (20mX10mX1.8m) പൂർത്തിയായിട്ടുണ്ട്. ഇവയുടെ വൈദ്യുതീകരണവും, എയറേഷൻ വർക്കുകളും പൂർത്തീകരിക്കേണ്ടതുണ്ട്. മാതൃ മത്സ്യങ്ങളെ (Brood fish) പാർപ്പിക്കുന്ന രണ്ട് കുളങ്ങളിൽ (36mX20mX1.8m) ഒന്നിന്റെ പ്രവർത്തനം ഭാഗീകമായി പൂർത്തിയായിട്ടുണ്ട്. ഹാച്ചറിയിലേക്കുള്ള 400 മീറ്റർ ഇന്റർ ലോക്ക് റോഡ് പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഹാച്ചറി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം നബാർഡിന്റെ ധന സഹായത്തോടെ ഇറിഗേഷൻ, ഫിഷറീസ് എന്നീ വകുപ്പുകൾ ചേർന്നാണ് നടത്തുന്നത്. ഹാച്ചറിയിൽ 24 നേഴ്സറി കുളങ്ങൾ പൂർത്തിയായ സാഹചര്യത്തിൽ ഭാഗീകമായി മീൻ കുഞ്ഞുങ്ങളുടെ പരിപാലനം തുടങ്ങാനും എറണാകുളം, ഇടുക്കി, തൃശ്ശൂർ,, കോട്ടയം, ആലപ്പുഴ മുതലായ ജില്ലകളിലെ സർക്കാരിന്റെ പദ്ധതികൾക്കും കൂടാതെ പൊതുജനങ്ങൾക്കും മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ 20 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഹാച്ചറിയിൽ പരിപാലിച്ച് ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. 2024-25 -ലെ ഉത്പാദന ലക്ഷ്യം 50 ലക്ഷം ആണ്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ